©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

**(2019-2021)**

## മുപ്പത്തിഒന്നാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി(2014-2016)യുടെ പതിനാറാമത് റിപ്പോർട്ടിലെ (ഭരണ നവീകരണ പരിപാടി (എം.ജി.പി.) സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

**(2021 ജനുവരി മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

**(2019-2021)**

## മുപ്പത്തിഒന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി(2014-2016)യുടെ പതിനാറാമത് റിപ്പോർട്ടിലെ
(ഭരണ നവീകരണ പരിപാടി (എം.ജി.പി.) സംബന്ധിച്ച്)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

(2021 ജനുവരി മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

395/2021

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | | .. v |
| മുഖവുര | | .. vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. 1 |
| അദ്ധ്യായം II | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. 1 |
| അദ്ധ്യായം III | : സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയിന്മേൽ അനന്തര നടപടി സ്വീകരിക്കേണ്ടത് | .. 35 |
| അനുബന്ധം | | .. 38 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2019-2021)

**ഘടന**

അദ്ധ്യക്ഷൻ:

ശ്രീ. എസ്. ശർമ്മ.

അംഗങ്ങൾ:

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി.

# മുഖവുര

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി(2014-2016)യുടെ പതിനാലാമത് റിപ്പോർട്ട് [ഭരണ നവീകരണ പരിപാടി (എം.ജി.പി.) സംബന്ധിച്ച്] 2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 9 ശിപാർശകളുൾപ്പെടെ ആകെ 65 ഖണ്ഡികകളാണുണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും അവയ്ക്കുള്ള മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 13-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 19.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി(2014-2016)യുടെ പതിനാറാമത് റിപ്പോർട്ട് [ഭരണ നവീകരണ പരിപാടി (എം.ജി.പി.) സംബന്ധിച്ച്] 16-12-2014-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 9 ശിപാർശകളുൾപ്പെടെ ആകെ 65 ഖണ്ഡികകളാണ് ഉണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ അച്ചടിച്ചപ്രതി 24-3-2015-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 22-11-2016, 6-7-2017, 27-9-2017, 10-10-2018, 15-11-2018, 30-7-2019, 7-10-2020, 13-1-2021 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി(2014-2016)യുടെ പതിനാറാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം 3-ലെ അധിക വിവരങ്ങളിന്മേൽ അനന്തരനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ 1 (ഖണ്ഡിക 46)

എം.ജി.പി.യുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിച്ച ആകെ വായ്പ, ഗ്രാന്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അവ ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ പദ്ധതികളിലായി എത്ര തുക വീതം ചെലവഴിച്ചുവെന്നുള്ള വിശദാംശങ്ങളും വകുപ്പുകൾക്കനുവദിച്ച തുകകളിൽ ചെലവഴിക്കാതെ ബാക്കി വന്ന തുക എന്തു ചെയ്തുവെന്നുമുള്ള വിശദാംശങ്ങളും ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നമ്പരുകൾ സഹിതം സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി [സ്റ്റോർ പർച്ചേയ്സ് (ബി) വകുപ്പ്]

പ്രൊഫോർമ അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം I).

## ഭക്ഷ്യപൊതുവിതരണ (പി.എസ്.) വകുപ്പ്

ഖണ്ഡിക 46-വിശദീകരണം

പതിനാറാമത് റിപ്പോർട്ട്
എം.ജി.പി.യിൽ (2002-2008) സിവിൽ സപ്ലൈസ് വകുപ്പിന് അനുവദിച്ച ഫണ്ട് വിനിയോഗിച്ചതിന്റെ വിവരങ്ങൾ (തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | പദ്ധതിയുടെ പേര് | ഫയൽ നമ്പർ | ബഡ്ജറ്റ് വിഹിതം | ഭരണാനുമതി ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക (തിരിച്ചടച്ചു) | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | സിവിൽ സപ്ലൈസ് വകുപ്പ് | സർവ്വീസ് ഡെലിവറി ഇംപ്രൂവ് മെന്റ് ഇൻ സി.സ.വ. | (സി. എസ്.) സി.എ 3 9393/05 | 750.00 (2005-06) | 594.76666 | 50473001 | 90.03665 | സിവിൽ സപ്ലൈസ് വകുപ്പിന്റെ അധീനതയിലുള്ള 63 താലൂക്ക് സപ്ലൈ ഓഫീസുകളുടെയും സിറ്റിറേഷണിംഗ് ഓഫീസുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ടി തുക വിനിയോഗിക്കുകയുണ്ടായത്. ബാക്കി വന്നിട്ടുള്ള തുക മുഴുവൻ തിരികെ അടച്ചിട്ടുണ്ട് |
| | | (എം.ജി. പി). ശീർഷകം | സി.എസ്- സി.എ 3- 1167/07 | 150.00 (2006-07) | 150.00 | 3954325 | 110.45675 | |
| | | നമ്പർ 2408-01-800-92 (പ്ലാൻ) | സി.എസ്- സി.എ 3- 1167/07 | 102 (2007-08) | 101.99955 | 10146975 | 0.52980 | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 2 | സിവിൽ സപ്ലൈസ് വകുപ്പ് | ഉപഭേക്താ ക്കളിൽ ഗുണനില വാര അവ ബോധം വളർത്തൽ പദ്ധതി ഇനിഷ്യേ റ്റീവ് II (4. 5) (എം. ജി.പി.) ശീർഷകം നമ്പർ 2408-01-800-93 (പ്ലാൻ) | സി.എസ്-സി.എ 3-5313/04<br>സി.എസ്-സി.എ 3-20840/06 | 100.00 (2004-05)<br>4.00 (2006-07) | 100<br>4.00 | 15.745<br>1.55 | 84.255<br>2.45 | ഉപഭോക്താ ക്കളിൽ ഗുണനില വാര അവ ബോധം വളർത്തൽ പദ്ധതി (എം. ജി. പി.)യിൽ സി.ഡി. ആർ.സി., സി.ഡി. ആർ.എ ഫ്.കളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനായി ടി തുക വിനിയോ ഗിച്ചു |
| 3 | സിവിൽ സപ്ലൈസ് വകുപ്പ് | ഉപഭോക്താ ക്കളിൽ ഗുണനില വാര അവ ബോധം വളർത്തൽ പദ്ധതി (എം. ജി.പി.) ശീർഷകം നമ്പർ 2408-01-800-93 (പ്ലാൻ) ശീർഷകം നമ്പർ 3451-00-101-82 (പ്ലാൻ) | സി.എസ്-സി.എ 3-14172/05 (2004-05)<br>(2005-06)<br>(2005-06) | 3.00<br>5.00<br>6.612 | 3.00<br>5.00<br>6.612 | 3.00<br>5.00<br>6.612 | Nil<br>Nil<br>Nil | സി.ഡി. ആർ.സി., സി. ഡി.ആർ. എഫ്.-കളിൽ കമ്പ്യൂട്ടർ വൽക്കരണ ത്തിന്റെ ഭാഗമായി സോഫ്റ്റ് വെയർ നിർമ്മിക്കു ന്നതിന് കെൽട്രോ ണിന് എം.ജി.പി. പദ്ധതിയിൽ ഘട്ടമായി നല്കിയ തുക |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 4 | സിവിൽ സപ്ലൈസ് വകുപ്പ് | ഉപഭോക്താക്കളിൽ ഗുണനിലവാര അവബോധം വളർത്തൽ പദ്ധതി (എം. ജി.പി.) ശീർഷകം നമ്പർ 2408-01-800-93 (പ്ലാൻ) | സി.എസ്-സി.എ 3-14172/05 (2006-07) | Rs. 0.33672 | Rs. 0.33672 | Rs. 0.33672 | Nil | സോഫ്റ്റ് വെയർ നിർമ്മാണവുമായി ബന്ധപ്പെട്ട് കെൽട്രോണമായി ഏർപ്പെട്ടിട്ടുള്ള കരാർ പുതുക്കുന്നതിനായി അനുവദിച്ച തുക |
| 5 | സിവിൽ സപ്ലൈസ് വകുപ്പ് | ഉപഭോക്താക്കളിൽ ഗുണനിലവാര അവബോധം വളർത്തൽ പദ്ധതി (എം. ജി.പി.) ശീർഷകം നമ്പർ 3451-00-101-82 (പ്ലാൻ) | സി.എ 3-24080/05 (2006-07) | Rs. 7.31725 | Rs. 7.31725 | Rs. 6.64800 | Rs. 0.66925 | സി.ഡി. ആർ.സി., സി.ഡി. ആർ.എഫ്.-കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായിട്ടി തുക വിനിയോഗിച്ചു (കമ്പ്യൂട്ടറുകൾ, ഫോട്ടോ കോപ്പിയർ, ഫ്രാങ്കിംഗ് മെഷീൻ മുതലായവ വാങ്ങുന്നതിന്) |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 6 | സിവിൽ സപ്ലൈസ് വകുപ്പ് | ഉപഭോക്താ ക്കളിൽ ഗുണ നിലവാര അവ ബോധം വളർത്തൽ പദ്ധതി (എം. ജി. പി.) ശീർഷകം നമ്പർ 3451-00-101-82— (പ്ലാൻ) | (സി. എസ്.) സി.എ 3-14172/05 (2005-06) | Rs.84.25500 | Rs.84.25500 | Rs.25.00724 | Rs.59.24776 | ഉപഭോക്താ ക്കളിൽ ഗുണ നിലവാര അവബോധം വളർത്തൽ (എം.ജി. പി.)യിൽ സി.ഡി. ആർ.സി, ഡി.ആർ. എഫ്.കളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനായി ടി തുക വിനിയോ ഗിച്ചു |

## വിശദീകരണ കുറിപ്പ്

(1) ജി. ഒ. (ആർ.റ്റി.) നമ്പർ 132/2005/എഫ്.സി.എസ്.&സി.എ. തീയതി, 16-5-2006

എം.ജി.പി. പദ്ധതിയുടെ ഭാഗമായി 2005-06-ൽ ബഡ്ജറ്റ് വിഹിതമായി സിവിൽ സപ്ലൈസ് വകുപ്പിന് 7.5 കോടി രൂപ 2408-01-800-92(പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു. ഇതിൽ മേൽ ഉത്തരവ് പ്രകാരം 5,94,76,666 രൂപ 63 താലൂക്ക് സപ്ലൈ ഓഫീസുകളുടെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളുടെയും അടിസ്ഥാന സൗകര്യവികസനത്തിന് ചെലവഴിക്കുന്നതിനായി ഭരണാനുമതി നല്കി. ഈ തുകയിൽ 5,04,73,001 രൂപ വിനിയോഗിക്കുകയും ബാക്കി തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(2) ജി. ഒ. (ആർ.റ്റി.) നമ്പർ 202/2006/എഫ്.സി.എസ്. & സി.എ. തീയതി, 2-6-2006

എം.ജി.പി. പദ്ധതിയുടെ ഭാഗമായി 2006-07-ൽ ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപ വകയിരുത്തുകയും മേൽ ഉത്തരവ് പ്രകാരം ടി തുക ചെലവഴിക്കുന്നതിന്

വേണ്ട ഭരണാനുമതിയും നല്കുകയുണ്ടായി. 2408-01-800-92(പി) എന്ന ശീർഷകത്തിൽ തുടർ പ്രവർത്തനങ്ങൾ പൂർത്തികരിക്കുന്നതിനായി വകുപ്പിനനുവദിച്ച ടി തുകയിൽ 39,54,325 രൂപ വിനിയോഗിക്കുകയും ബാക്കി തിരിച്ചടയ്ക്കുകയും ചെയ്തിട്ടിട്ടുണ്ട്.

(3) ജി. ഒ. (ആർ.റ്റി.) നമ്പർ 364/07/സി.എ.ഡി. തീയതി, 17-8-2007

2006-07 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 1.02 കോടി രൂപ വകയിരുത്തുകയും ടി തുകയിൽ 1,01,99,955 രൂപയുടെ ഭരണാനുമതി മേൽ ഉത്തരവ് പ്രകാരം നല്കുകയുണ്ടായി. ഇതിൽ 1,01,46,975 രൂപ വിനിയോഗിക്കുകയും ബാക്കി തിരിച്ചടക്കുകയും ചെയ്തിട്ടിട്ടുണ്ട്

(4) ജി. ഒ. (ആർ.റ്റി.) നമ്പർ 112/2005/എഫ്.സി.എസ്. & സി.എ. തീയതി, 30-3-2005

(2408-01-800-93—പ്ലാൻ)

ജി. ഒ. (ആർ.റ്റി.) നമ്പർ 57/2006/എഫ്.സി.എസ്. & സി.എ. തീയതി, 14-2-2006

(3451-00-101-82—പ്ലാൻ)

ജി. ഒ. (ആർ.റ്റി.) നമ്പർ 41/2007/എഫ്.സി.എസ്. & സി.എ. തീയതി, 20-2-2007

(3451-00-101-82—അദർ ഐറ്റംസ്)

മേൽ ഉത്തരവുകൾ പ്രകാരം ഐ.എം.ജി.പി. പദ്ധതിയിൽകീഴിൽ ഉപഭോക്താക്കളിൽ ഗുണനിലവാര അവബോധം വളർത്തുന്നതിന്റെ ഭാഗമായി സി.ഡി.ആർ.സി., സി.ഡി.ആർ.എഫ്.-കളിലെ കമ്പ്യൂട്ടർവത്കരണത്തിന്റെ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് കെൽട്രോണിന് നല്കിയിട്ടുണ്ട്.

3,00,000 + 5,00,000 +6,61,200 =14,61,200

(5) ജി. ഒ. (ആർ.റ്റി.) നമ്പർ 409/06/എഫ്.സിഎസ് & സി.എ തീയതി, 18-11-2006

[2408-01-800-93(പി)]

മേൽ ഉത്തരവ് പ്രകാരം 33,672 (Renewal Charge of Domain Registration of Official Website of Consumer Affairs) കെൽട്രോണിന് നല്കുകയുണ്ടായി.

(6) ഗുണഭോക്താക്കളിൽ ഗുണനിലവാര അവബോധം വളർത്തൽ (Initiative II. 4.5) പദ്ധതിയിൽ അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കുറിക്കുന്നു:

(1) ജി. ഒ. (ആർ.റ്റി.) നമ്പർ 338/06/എഫ്.സി.എസ്. &സി.എ. തീയതി, 26-9-2006

2408-01-800-93 പ്ലാൻ എന്ന ശീർകത്തിൽ മേൽ ഉത്തരവ് പ്രകാരം 4 ലക്ഷം രൂപ അനുവദിച്ചതിൽ 1,55,813 രൂപ ചെലവഴിക്കുകയും ബാക്കി തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(2) ജി. ഒ. (ആർ.റ്റി.) നമ്പർ 6929/06/ജി.എ.ഡി. തീയതി, 26-8-2006

3451-00-101-82 എന്ന ശീർഷകത്തിൽ മേൽ ഉത്തരവ് പ്രകാരം 7,31,725 രൂപ അനുവദിക്കുകയും ഇതിൽ 6,64,800 രൂപ വിനിയോഗിക്കുകയും ബാക്കി തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

(3) ജി. ഒ. (ആർ.റ്റി.) നമ്പർ 47/06/ജി.എ.ഡി. തീയതി, 2-1-2006

3451-00-101-82 (അദർ ഐറ്റംസ് പ്ലാൻ എന്ന ശീർഷകത്തിൽ, മേൽ ഉത്തരവ് 84,25,500 രൂപ അനുവദിക്കുകയും ഇതിൽ 25,00,724 രൂപ വിനിയോഗിച്ച് ബാക്കി തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

## തൊഴിലും നൈപുണ്യവും (സി) വകുപ്പ്)

എം. ജി. പി.യുമായി ബന്ധപ്പെട്ട് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് വായ്പ, ഗ്രാന്റ് എന്നിവ ലഭിച്ചിട്ടില്ല.

## റവന്യൂ (ജി) വകുപ്പ്

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഭരണ നവീകരണ പദ്ധതി പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്കായി 82,11,02,000 രൂപ ലഭിച്ചതിൽ 71,63,42,974 രൂപ ചെലവഴിക്കുകയും, ബാക്കി തുകയായ 10,47,59,026 രൂപ സറണ്ടർ ചെയ്തിട്ടുള്ളതുമാണ്.

ഭരണ നവീകരണ പദ്ധതി പ്രകാരം വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

പതിനെട്ട് താലൂക്ക് ഓഫീസുകളും, 14 കളക്ടറേറ്റുകളും പ്രസ്തുത പദ്ധതി പ്രകാരം നവീകരിച്ചിട്ടുണ്ട്. എല്ലാ കളക്ടറേറ്റുകളിലും ഡി. സി. സ്യൂട്ട് പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ട്.

വയർലെസ്സ് സിസ്റ്റം, ബുക്കുകൾ, ഫർണീച്ചറുകൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകളുടെ വിശദാംശങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമാക്കി ഉടൻതന്നെ സമിതിക്ക് സമർപ്പിക്കുന്നതാണ്.

ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലകളിലും ഒരു ഫയൽ വീതം മാത്രമാണുള്ളത്. പ്രസ്തുത കാര്യാലയത്തിലെ ഫയൽ നമ്പറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ഫയൽ നമ്പർ |
|---|---|
| ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് | ജി5/37353/2011 |
| തിരുവനന്തപുരം | എ 4/21233/2008<br>എ 4/149877/2011 |
| കൊല്ലം | എ 9/66374/2011 |
| പത്തനംതിട്ട | എസ്3/32/2007 |
| ആലപ്പുഴ | എ 8/57358/2013 |
| കോട്ടയം | എജിപി/32323/2004 |
| ഇടുക്കി | എ 10/38100/2004 |
| എറണാകുളം | എ 5/26088/2008 |
| തൃശ്ശൂർ | എ 8/35115/2014 |
| പാലക്കാട് | ഇ 1/2007/40495/9 |
| മലപ്പുറം | ജി5/18192/2005 |
| കോഴിക്കോട് | എം2/19904/2008 |
| വയനാട് | 2014/16790/എസ്.2 |
| കണ്ണൂർ | ഡി.സി.കെ.എൻ.<br>ആർ/466/2016/എ 7 |
| കാസർഗോഡ് | പി4/29391/2014 |

**ഗതാഗത (ബി) വകുപ്പ്**

ഭരണ നവീകരണ നടപടിയുമായി ബന്ധപ്പെട്ട് 2004-05 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 4/2005/ഗതാ. പ്രകാരം safety consideration in Road Transport 11.35 പദ്ധതിക്കായി 3055-00-004-96(P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ മോട്ടോർ വാഹന വകുപ്പിനായി 343.83 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. അതിൽ 36.02 ലക്ഷം രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 307.08 ലക്ഷം രൂപ ഗവൺമെന്റിൽ തിരിച്ചടയ്ക്കുകയും ചെയ്തു. 2005-06-ൽ 1 ലക്ഷം രൂപയും പിന്നീട് വകുപ്പിന്റെ

അപേക്ഷ പ്രകാരം 22-2-2006-ലെ സ. ഉ. (സാധാ.) നമ്പർ 1363/06/GAD ഉത്തരവ് പ്രകാരം ഇതേ പദ്ധതിയ്ക്കായി 3451-00-101-82(P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 209.5 ലക്ഷം രൂപയും അനുവദിച്ചു. അതിൽ 149.27 ലക്ഷം രൂപ ചെലവഴിക്കുകയും ബാക്കി തുകയും ടോക്കണായി അനുവദിച്ച 1 ലക്ഷം രൂപയും തിരിച്ചടയ്ക്കുകയുണ്ടായി. 2007-08 സാമ്പത്തിക വർഷം 7-8-2007-ലെ സ. ഉ. (സാധാ.) നമ്പർ 287/07/ഗതാ. പ്രകാരം 3055-00-004-96(P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 153.3 ലക്ഷം രൂപ അനുവദിച്ചതിൽ 140.44 ലക്ഷം രൂപ ചെലവാക്കുകയും ബാക്കി 16.11 ലക്ഷം രൂപയും വകുപ്പിന്റെ മറ്റ് ഓഫീസുകളിൽ നിന്നുള്ള 1.98 ലക്ഷം രൂപയും തിരിച്ചടയ്ക്കുകയും ഉണ്ടായി.

തുക അനുവദിച്ചതും ചെലവഴിച്ചതും തിരിച്ചടച്ചതും സംബന്ധിച്ച് മോട്ടോർവാഹന വകുപ്പിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റും ഉത്തരവുകളുടെയും മറ്റും പകർപ്പുകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. (അനുബന്ധം II)

## ആസൂത്രണ സാമ്പത്തികകാര്യ (പി) വകുപ്പ്

10-12-2004-ലെ ജി. ഒ. (എംഎസ്.) നമ്പർ 84/2004/പ്ലാനിംഗ് പ്രകാരം ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് (RBPS) (Result Based Planning System) നടപ്പാക്കാൻ പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം, പ്ലാനിംഗ് ബോർഡ് മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം (അലോപ്പതി), സാമൂഹിക നീതി എന്നീ തെരഞ്ഞെടുക്കപ്പെട്ട നാല് വകുപ്പുകളിൽ ടി വകുപ്പുകളുമായി ചേർന്ന് RBPS നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നാല് റിപ്പോർട്ടുകൾ തയ്യാറാക്കി ആയവ അംഗീകരിക്കുന്നതിലേക്കായി ജൂലൈ 2004-2005, 2005-2006, 2006-2007 വർഷങ്ങളിലായി 3451-00-101-78—Result Based Planning System under MGP എന്ന ശീർഷകത്തിൽ യഥാക്രമം രൂപ 10,00,000 രൂപ, 5,00,000 രൂപ, 5,00,000 രൂപ എന്നിങ്ങനെ ബജറ്റ് വിഹിതം അനുവദിച്ചിരുന്നു. എന്നാൽ പദ്ധതിയിനത്തിൽ ചെലവുകളുണ്ടായിട്ടില്ലെന്നും ഫണ്ടുകൾ അതത് വർഷം തന്നെ സറണ്ടർ ചെയ്തിട്ടുണ്ടെന്നും പ്ലാനിംഗ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വ്യവസായ (ജി) വകുപ്പ്

വ്യവസായ വകുപ്പിനുകീഴിൽ വരുന്ന കിൻഫ്ര, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയിൽ പ്രൊമോഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്നീ സ്ഥാപനങ്ങൾക്ക് എം. ജി. പി.-യുമായി ബന്ധപ്പെട്ട് തുകയൊന്നും അനുവദിച്ചിട്ടില്ല.

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

| വകുപ്പിന്റെ പേര് | പദ്ധതിയുടെ പേര് | ഫയൽ നമ്പർ | അനുവദിച്ച തുക | ചെലവാക്കിയ തുക | ബാക്കി തുക | വിശദീകരണം |
|---|---|---|---|---|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | റിമൂവൽ ഓഫ് ലേബർ മാർക്ഡ് റിജിഡിറ്റീവ് | പി (1)-6956/2006 | 1,00,000 | 1,00,000 | - | - |

## ജലവിഭവ ജലവിതരണ (ജി & പി) വകുപ്പ്

| വകുപ്പിന്റെ പേര് | പദ്ധതിയുടെ പേര് | ഫയൽ നമ്പർ | അനുവദിച്ച തുക | ചെലവാക്കിയ തുക | ബാക്കി തുക | വിശദീകരണം |
|---|---|---|---|---|---|---|
| ജലവിഭവ വകുപ്പ് | മഴ വെള്ളക്കൊയ്ത്ത് | 13583/C3/4/WRD | 145 ലക്ഷം<br>237.60 ലക്ഷം | മഴവെള്ളക്കൊയ്ത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത തുക 14 ജില്ലകൾക്കായി അനുവദിച്ചു നൽകി | 23.39 ലക്ഷം രൂപ ചെലവഴിക്കാതെ തിരിച്ചടച്ചിട്ടുണ്ട്. | അനുബന്ധം III കണ്ടാലും |

(അനുബന്ധം III)

## സാമൂഹ്യനീതി (സി) വകുപ്പ്

സാമൂഹ്യനീതി വകുപ്പിൽ ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്ന അവസരത്തിൽ 48 ക്ഷേമ സ്ഥാപനങ്ങളും രണ്ട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും ഉൾപ്പെടെ ആകെ 50 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചിരുന്നത്. ടി സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഭരണ നവീകരണ പദ്ധതി പ്രകാരം അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും സറണ്ടർ ചെയ്ത തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം IV)

## ശിപാർശ 2 (ഖണ്ഡിക 47)

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് പൊതുഭരണ വകുപ്പിൽ നിന്ന് ഐ. ടി. വകുപ്പിന് കൈമാറിയ മുഴുവൻ ഫയലുകളുടെയും വിശദാംശങ്ങളും പൊതുഭരണ വകുപ്പിൽ നിന്ന് ഐ. ടി. വകുപ്പ് ഏറ്റുവാങ്ങിയ മുഴുവൻ ഫയലുകളുടെ വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, എം. ജി. പി. സംബന്ധമായി മറ്റ് വകുപ്പുകളിലുള്ള മുഴുവൻ ഫയലുകളുടെയും വിശദാംശങ്ങൾ അതത് വകുപ്പുകൾ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി [സ്റ്റോർ പർച്ചേസ്(ബി) വകുപ്പ്]</u>

സ്റ്റോർ പർച്ചേസ് വകുപ്പിന് പ്രത്യേകം ബഡ്ജറ്റ് ഹെഡ് ഇല്ല. ഈ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന ഡയറക്ടറേറ്റോ ജില്ലാ ഓഫീസുകളോ മറ്റ് സ്ഥാപനങ്ങളോ ഒന്നുംതന്നെ നിലവിലില്ല. അതിനാൽ തന്നെ ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ഐ. ടി. വകുപ്പിനോ മറ്റ് വകുപ്പുകൾക്കോ ഒരു ഫയലും അയച്ചിട്ടില്ല.

### ഭക്ഷ്യപൊതുവിതരണ (പി.എസ്.) വകുപ്പ്

സിവിൽ സപ്ലൈസ് വകുപ്പിൽ എം. ജി. പി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ [(സി.എസ്.)സി.എ 3-9393/05], [(സി.എസ്.)സി.എ 3-1167/07] എന്നീ ഫയലുകളിൽ നിർവ്വഹിക്കുകയുണ്ടായി. വകുപ്പിന്റെകീഴിലെ 63 താലൂക്ക് സപ്ലൈ ഓഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇതിൽ നടത്തിയിട്ടുള്ളത്. തുടർന്ന് [(സി.എസ്.)സി.എ 3-5313/04], [(സി.എസ്.)സി.എ 3-14172/15][(സി.എസ്.)സി.എ 3/20840/06] എന്നീ ഫയലുകളിലൂടെ ഉപഭോക്താക്കളിൽ ഗുണനില വാര അവബോധം വളർത്തൽ (ഇനിഷ്യേറ്റീവ് II 4.5) പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ട്.

### തൊഴിലും നൈപുണ്യവും (സി) വകുപ്പ്

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട എ 3/573/07/ഫാ. & ബോ. (ചീഫ് ഇൻസ്പെക്ടർ ഓഫീസ് വിപുലപ്പെടുത്തൽ), എ 3/5247/14/ഫാ. & ബോ. (പഴയ കമ്പ്യൂട്ടർ മാറ്റി വാങ്ങൽ, പുതിയ പ്രിന്റർ, സെക്യൂരിറ്റി ആഡിറ്റ്), എ 3/4120/07/ഫാ & ബോ (പുതിയ പ്രിന്റർ, സ്കാനർ, പഴയ കമ്പ്യൂട്ടറുകൾ മാറ്റി വാങ്ങൽ) എന്നീ ഫയലുകൾ ആണുള്ളത്. ആയവ ആവശ്യമെങ്കിൽ സമിതി മുമ്പാകെ ഹാജരാക്കുന്നതാണ്.

## റവന്യൂ (ജി) വകുപ്പ്

ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ ജില്ല തിരിച്ചുള്ള ഫയൽ നമ്പരുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | ഫയൽ നമ്പർ |
|---|---|
| തിരുവനന്തപുരം | എ 4/21233/2008<br>എ 4/149877/2011 |
| കൊല്ലം | എ 9/66374/2011 |
| പത്തനംതിട്ട | എസ്3/32/2007 |
| ആലപ്പുഴ | എ 8/57358/2013 |
| കോട്ടയം | എം.ജി.പി/32323/2004 |
| ഇടുക്കി | എ 10/38100/2004 |
| എറണാകുളം | എ 5/26088/2008 |
| തൃശ്ശൂർ | എ 8/35115/2014 |
| പാലക്കാട് | ഇ 1/2007/40495/9 |
| മലപ്പുറം | ജി5/18192/2005 |
| കോഴിക്കോട് | എം2/19904/2008 |
| വയനാട് | 2014/16790/എസ്.2 |
| കണ്ണൂർ | ഡി.സി.കെ.എൻ.<br>ആർ/466/2016/എ 7 |
| കാസർഗോഡ് | പി4/29391/2014 |

## ആസൂത്രണ സാമ്പത്തികകാര്യ (പി) വകുപ്പ്

10-12-2004-ലെ ജി. ഒ. (എംഎസ്.) നമ്പർ 84/2004/പ്ലാനിംഗ് പ്രകാരം ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് (RBPS—Result Based Planning System) നടപ്പാക്കാൻ പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം പ്ലാനിംഗ് ബോർഡ് മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം (അലോപ്പതി), സാമൂഹികനീതി എന്നീ തെരഞ്ഞെടുക്കപ്പെട്ട നാലുവകുപ്പുകളിൽ ടി വകുപ്പുകളുമായി ചേർന്ന് RBPS നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും അതിന്റെ

അടിസ്ഥാനത്തിൽ നാല് റിപ്പോർട്ടുകൾ തയ്യാറാക്കി ആയവ അംഗീകരിക്കുന്നതിലേക്കായി ജൂലൈ 2004-ൽ നിയമസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2004-2005, 2005-2006, 2006-2007 വർഷങ്ങളിലായി 3451-00-101-78—Result Based Planning System under MGP എന്ന ശീർഷകത്തിൽ യഥാക്രമം 10,00,000 രൂപ, 5,00,000 രൂപ, 5,00,000 രൂപ എന്നിങ്ങനെ ബജറ്റ് വിഹിതം അനുവദിച്ചിരുന്നു. എന്നാൽ പദ്ധതിയിനത്തിൽ ചെലവുകളുണ്ടായിട്ടില്ലെന്നും ഫണ്ടുകൾ അതത് വർഷം തന്നെ സറണ്ടർ ചെയ്തിട്ടുണ്ടെന്നും പ്ലാനിംഗ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### വ്യവസായ (ജി) വകുപ്പ്

വ്യവസായ വകുപ്പിനുകീഴിൽ വരുന്ന കിൻഫ്ര, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്നീ സ്ഥാപനങ്ങൾക്ക് എം.ജി.പി. യുമായി ബന്ധപ്പെട്ട് തുകയൊന്നും അനുവദിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച വിശദാംശത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

### തൊഴിലും നൈപുണ്യവും (സി) വകുപ്പ്

ബാധകമല്ല.

### ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് പൊതുഭരണ വകുപ്പിൽ നിന്ന് ഫയലുകൾ കൈമാറിയതും ഐ.ടി. വകുപ്പിന് അവ ലഭിച്ചതും സംബന്ധിച്ച രേഖകൾ കണ്ടെത്തുന്നതിന് വളരെയധികം പരിശ്രമം നടത്തിയെങ്കിലും അപ്രകാരമുള്ള രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ പൊതുഭരണ (റിക്കാർഡ്സ്) വകുപ്പ് മുഖേന സ്കാൻ ചെയ്തിട്ടുള്ള തീർപ്പ് ഫയലുകളിൽ എം.ജി.പി.യുമായി ബന്ധപ്പെട്ട 1281 ഫയലുകൾ ഉൾപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട സെർവർ കമ്പ്യൂട്ടർ പരിശോധിച്ച് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത തീർപ്പ് ഫയലുകളുടെ നമ്പരുകൾ ഉൾക്കൊള്ളിച്ച ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. അനുബന്ധം (ഐ.ടി.) V.

### ശിപാർശ 3 (ഖണ്ഡിക 48)

എം. ജി. പി. യുമായി ബന്ധപ്പെട്ട് സൃഷ്ടിച്ച ആകെ എത്ര തസ്തികകൾ, അവയിൽ ഏതൊക്കെ വീതം വിവര സാങ്കേതികവിദ്യാ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും പ്രസ്തുത തസ്തികകൾ ടി വകുപ്പിൽ ഇപ്പോഴും നിലവിലുണ്ടോയെന്നും പ്രസ്തുത ജീവനക്കാർ നിലവിൽ നിർവ്വഹിച്ചു വരുന്ന ജോലികൾ എന്താണെന്നുമുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>റവന്യൂ (ജി) വകുപ്പ് - സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

റവന്യൂ വകുപ്പിൽ യാതൊരു തസ്തികയും പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടില്ല.

**ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് (ഖണ്ഡിക 48)**

ലഭ്യമായ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും എം.ജി.പി.യ്ക്കായി 6 ടെക്നിക്കൽ തസ്തികകളും 13 നോൺ ടെക്നിക്കൽ തസ്തികകളും സൃഷ്ടിച്ചിരുന്നു. പദ്ധതി നിർത്തലാക്കിയ അവസരത്തിൽ കൈമാറി ലഭിച്ച ഒരു അസിസ്റ്റന്റ് തസ്തിക ഇപ്പോൾ ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും (സി) വകുപ്പിൽ നിലവിലുണ്ട്. പ്രസ്തുത സീറ്റിൽ ചുവടെ പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട പേപ്പറുകളാണ് നിലവിൽ കൈകാര്യം ചെയ്തുവരുന്നത്:

1. കേരള സംസ്ഥാന ഐ.ടി. മിഷന്റെ എസ്റ്റാബ്ലിഷ്മെന്റ്.

2. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)-ന്റെ എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെയുള്ള എല്ലാ പേപ്പറുകളും.

3. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (ഐസിഫൊസ്)-ന്റെ എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെയുള്ള എല്ലാ പേപ്പറുകളും.

4. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ.

5. ഐ. ടി. വകുപ്പുമായി ബന്ധപ്പെട്ട സി. & എ. ജി. ആഡിറ്റ് റിപ്പോർട്ടുകൾ.

6. ഐ. ടി. വകുപ്പുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി/പി. എ. സി. റിപ്പോർട്ടുകൾ.

7. ഐ. ടി. വകുപ്പിന്റെ വാർഷിക പദ്ധതി തയ്യാറാക്കൽ, പദ്ധതി അവലോകനം, വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്, ബഡ്ജറ്റുമായി ബന്ധപ്പെട്ട മറ്റ് പേപ്പറുകൾ.

8. ഗവർണറുടെ നയപ്രഖ്യാപനം, ബഡ്ജറ്റ് പ്രസംഗം എന്നിവയ്ക്കായി ഐ.ടി. വകുപ്പിൽ നിന്നുള്ള കുറിപ്പുകൾ തയ്യാറാക്കൽ, പ്രഖ്യാപനങ്ങളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ തയ്യാറാക്കൽ.

**ശിപാർശ 4 (ഖണ്ഡിക 54)**

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പട്ടിക വകുപ്പ് തിരിച്ച് ലഭ്യമാക്കണമെന്നും അവയുടെ തെരഞ്ഞെടുപ്പിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി [സ്റ്റോർ പർച്ചേസ് (ബി) വകുപ്പ്]

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ഒരു പദ്ധതിയും ഈ വകുപ്പിൽ നടപ്പാക്കിയിട്ടില്ല.

**ഭക്ഷ്യ പൊതുവിതരണ (പി.എസ്.) വകുപ്പ്**

എം.ജി.പി. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഏജൻസികളെയാണ് നിയോഗിച്ചിട്ടുണ്ടായിരുന്നത്:

1. സെന്റർ ഫോർ സോഷ്യോ എക്കണോമിക്സ് & എൻവയോൺമെന്റൽ സ്റ്റഡീസ് (സി.എസ്.ഇ.എസ്.)
2. എ. എഫ്. ഫെർഗ്യൂബൽ & കോ. (എ.എഫ്.എഫ്.)
3. അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ (എ.എസ്.സി.ഐ.)
4. ടാറ്റാ കൺസൾട്ടൻസി സർവ്വീസ് (റ്റി.സി.എസ്.)
5. കെൽട്രോൺ.

ടി ഏജൻസികളുടെ തെരഞ്ഞെടുപ്പിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെ ആയിരുന്നു എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സമിതിക്ക് സമർപ്പിക്കുന്നതാണ്.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുത്ത കൺസൾട്ടൻസി സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:

1. FABNET-KELTRON
2. IDMS-SIDCO
3. WEBSITE-KELTRON

Keltron and Sidco എന്നിവ Government Approved Agency (TSP) ആയതുകൊണ്ടാണ് ടി സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുവാൻ കരാർ ഏൽപ്പിച്ചത്.

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (പി. എസ്.) വകുപ്പ്

വിവിധ വകുപ്പുകളിലേക്കുള്ള കൺസൾട്ടൻസി സ്ഥാപനങ്ങളുടെ നിയമനം സംബന്ധിച്ച കാര്യങ്ങൾ ഈ വകുപ്പിൽ കൈകാര്യം ചെയ്യുതായി കാണുന്നില്ല. എന്നാൽ ഭരണ നവീകരണ പരിപാടിയിലെ ഇൻഷ്യേറ്റീവ് നമ്പർ "IV.1.3 Simplification of Rules for Faster implementation of Decisions in Government" (സർക്കാർ തീരുമാനങ്ങൾ വേഗത്തിലാക്കുന്നതിനായി നിയമങ്ങൾ ലഘൂകരിക്കൽ) പദ്ധതിയുടെ സാങ്കേതിക സഹായത്തിനുള്ള ടേംസ് ഓഫ് റഫറൻസും ബഡ്ജറ്റ് എസ്റ്റിമേറ്റും തയ്യാറാക്കുന്നത് ടാറ്റാ കൺസൾട്ടൻസിയുടെ സഹായത്തോടെ ആയിരുന്നു.

കൂടാതെ ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി VI. 3.1 (Performance based system in Civil Services) എന്ന ഇൻഷ്യേറ്റീവ് നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനായി MGP ഒരു Procurement Service Provider (PSP) രൂപീകരിച്ചിരുന്നു. MGP-യുടെ PSP യാണ് ഇൻഷ്യേറ്റീവിന്റെ ഭാഗമായ Performance Management Frame Work (PMF) വികസിപ്പിക്കുന്നതിനായി ഡൽഹിയിലെ ICRA Management Consultancy Services (ImaCs)-നെ ചുമതലപ്പെടുത്തിയിരുന്നത്.

## റവന്യൂ (ജി) വകുപ്പ്

ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസികളായ നിർമ്മിതി, പി.ഡബ്ല്യൂ.ഡി. എന്നിവയെയാണ് ജില്ലാ തലത്തിൽ പ്രവൃത്തികൾ ഏൽപ്പിച്ചിരുന്നത്. റവന്യൂ വകുപ്പിൽ സംസ്ഥാനതലത്തിൽ കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിരുന്നില്ല.

## ആസൂത്രണ സാമ്പത്തികകാര്യ (പി) വകുപ്പ്

10-12-2004-ലെ ജി. ഒ. (എംഎസ്.) നമ്പർ 84/2004/പ്ലാനിംഗ് പ്രകാരം ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് (RBPS) Result Based Planning System നടപ്പാക്കാൻ പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം പ്ലാനിംഗ് ബോർഡ് മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം (അലോപ്പതി), സാമൂഹികനീതി എന്നീ തെരഞ്ഞെടുക്കപ്പെട്ട നാല് വകുപ്പുകളിൽ ടി വകുപ്പുകളുമായി ചേർന്ന് RBPS നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നാല് റിപ്പോർട്ടുകൾ തയ്യാറാക്കി ആയവ അംഗീകരിക്കുന്നതിലേക്കായി ജൂലൈ 2004-ൽ നിയമസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2004-2005, 2005-2006, 2006-2007 വർഷങ്ങളിലായി 3451-00-101-78—Result Based Planning System under MGP എന്ന ശീർഷകത്തിൽ യഥാക്രമം 10,00,000 രൂപ, 5,00,000 രൂപ, 5,00,000 രൂപ എന്നിങ്ങനെ ബജറ്റ്

വിഹിതം അനുവദിച്ചിരുന്നു. എന്നാൽ പദ്ധതിയിനത്തിൽ ചെലവുകളുണ്ടായിട്ടില്ലെന്നും ഫണ്ടുകൾ അതത് വർഷം തന്നെ സറണ്ടർ ചെയ്തിട്ടുണ്ടെന്നും പ്ലാനിംഗ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### വ്യവസായ (ജി) വകുപ്പ്

എം.ജി.പി.യുമായി ബന്ധപ്പെട്ട് കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലാ കളക്ട്രേറ്റുകളുടെ നവീകരണ പ്രവർത്തികൾ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ചെയ്തിരുന്നു. ഇതിൽ കൊല്ലം കളക്ടറേറ്റിലെ പ്രവർത്തികളുടെ ബാക്കി തുകയായ 43,76,930 രൂപ ഇനിയും കമ്പനിക്ക് ലഭിക്കാനുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അടങ്ങിയ കത്ത് കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചതിന്റെ പകർപ്പ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (Letter No. FIT/MKT/02/16-17/1325 dated 22-11-2016). (അനുബന്ധം VI)

### തൊഴിലും നൈപുണ്യവും (സി) വകുപ്പ്

ബാധകമല്ല.

### ശിപാർശ 5 (ഖണ്ഡിക 55)

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ഓരോ വകുപ്പിലും നടപ്പാക്കിയ ഓരോ പദ്ധതിയുടെയും പ്രോജക്ട് റിപ്പോർട്ടുകൾ ഏതൊക്കെ ഏജൻസികളാണ് തയ്യാറാക്കിയതെന്നും അവയ്ക്കോരോന്നിനും ഏതൊക്കെ തീയതികളാണ് എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി [സ്റ്റോർ പർച്ചേസ് (ബി) വകുപ്പ്]</u>

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ഒരു പദ്ധതിയും ഈ വകുപ്പിൽ നടപ്പാക്കിയിട്ടില്ല.

### ഭക്ഷ്യ പൊതുവിതരണ (പി.എസ്.) വകുപ്പ്

സിവിൽ സപ്ലൈസ് വകുപ്പിലെ ഓരോ പദ്ധതിയും ഖണ്ഡിക 54 -ന്റെ മറുപടിയിൽ പറഞ്ഞിട്ടുള്ള ഏജൻസികളുടെ മേൽനോട്ടത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ജി. ഒ. (എം.എസ്.) നമ്പർ 9/2005/പി & എ.ആർ.ഡി. തീയതി, 1-4-2005 ഉത്തരവ് പ്രകാരം ഹൈ പവർ കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി.

### തൊഴിലും നൈപുണ്യവും (സി) വകുപ്പ്

FABNET പരിപാടി നടപ്പിലാക്കുന്നതിനുള്ള ചുമതല ഏൽപ്പിച്ചത് Keltron-നെയാണ്. ആയതിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചത് അംഗീകരിച്ചത് 7-12-2009-ൽ ആണ്. ആയതിന്റെ ഭരണാനുമതി ലഭിച്ചത് G. O. (Rt.) No. 365/10/LBR dated 4-3-2010 നമ്പരിലുള്ള സർക്കാർ ഉത്തരവ് പ്രകാരമാണ്. ഭരണ നവീകരണ

പരിപാടിയുമായി ബന്ധപ്പെട്ട് IDMS പദ്ധതി SIDCO-യെയാണ് ഏൽപ്പിച്ചത്. SIDCO പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതാകുന്നു. ടി പ്രോജക്ട് IT വകുപ്പ് പരിശോധിച്ച് 21-2-2014-ന് അംഗീകരിച്ച് ഉത്തരവ് നൽകി. G. O. (Rt.) No. 1816/13/LBR dated 25-10-2013 നമ്പരിലുള്ള സർക്കാർ ഉത്തരവ് പ്രകാരമാണ് ആയതിന്റെ ഭരണാനുമതി ലഭിച്ചത്.

വെബ്സൈറ്റ് നവീകരണവുമായി ബന്ധപ്പെട്ട പ്രോജക്ട് ഏൽപ്പിച്ചത് Keltron-നെയാണ്. Keltron സമർപ്പിച്ച പ്രോജക്ട്, എഗ്രിമെന്റ് എന്നിവ 16-12-2015-ന് അംഗീകരിക്കുകയുണ്ടായി.

## നികുതി (ഇ) വകുപ്പ്

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)-യുടെ പതിനാറാമത് റിപ്പോർട്ട് പ്രകാരം ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ ഓരോ പദ്ധതിയുടെയും പ്രോജക്ട് റിപ്പോർട്ടുകൾ, എംപവേഡ് കമ്മിറ്റി അംഗീകാരം, ഫണ്ടിംഗ് ഏജൻസിയുടെ ഇടക്കാല വിലയിരുത്തൽ റിപ്പോർട്ട്, ഓഡിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ മുതലായവയിന്മേലുള്ള സമിതിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്

രജിസ്ട്രേഷൻ വകുപ്പിനെ എം. ജി. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയത് 2002-2003 സാമ്പത്തിക വർഷത്തിലായിരുന്നു. രജിസ്ട്രേഷൻ വകുപ്പിലെ 69 സബ് രജിസ്ട്രാർ ഓഫീസുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. എന്നാൽ 9 സബ് രജിസ്ട്രാർ ഓഫീസുകളിൽ മുമ്പിനാലെ കമ്പ്യൂട്ടർവത്കരണം ഉൾപ്പെടെയുള്ള ജോലികൾ നടത്തിയതിനാൽ 60 സബ് രജിസ്ട്രാർ ഓഫീസുകൾക്കാണ് എം. ജി. പി. ഫണ്ട് വിനിയോഗിച്ചുള്ള ജോലികൾക്ക് തുടർ അനുമതി നൽകിയത്. 2002-2003 സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി യാതൊരു തുകയും അനുവദിച്ചിരുന്നില്ല. എം. ജി. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓഫീസുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എസ്.ആർ.ഒ.യുടെ പേര് |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | ബാലരാമപുരം |
| 2 | | ചിറയിൻകീഴ് |
| 3 | | നെടുമങ്ങാട് |
| 4 | | പോത്തൻകോട് |
| 5 | കൊല്ലം | ചവറ |
| 6 | | പുനലൂർ |
| 7 | | ചടയമംഗലം |
| 8 | | ശാസ്താംകോട്ട |

| 1 | 2 | 3 |
|---|---|---|
| 9 | പത്തനംതിട്ട | അടൂർ |
| 10 | | ആറൻമുള |
| 11 | | കോഴഞ്ചേരി |
| 12 | | പെരുനാട് |
| 13 | | വെണ്ണിക്കുളം |
| 14 | ആലപ്പുഴ | ഹരിപ്പാട് |
| 15 | | മാവേലിക്കര |
| 16 | | ചെറിയനാട് |
| 17 | | പുളിങ്കുന്ന് |
| 18 | | ആലപ്പുഴ |
| 19 | | കുത്തിയതോട് |
| 20 | ഇടുക്കി | പീരുമേട് |
| 21 | | ദേവികുളം |
| 22 | | അരക്കുളം |
| 23 | എറണാകുളം | കരിക്കോട് |
| 24 | | കുഴിപ്പള്ളി |
| 25 | | നോർത്ത് പറവൂർ |
| 26 | | കൂത്താട്ടുകുളം |
| 27 | | കോതമംഗലം |
| 28 | | കുറുപ്പംപടി |
| 29 | തൃശ്ശൂർ | ചേർപ്പ് |
| 30 | | കല്ലേറ്റുംകര |
| 31 | | കൊടുങ്ങല്ലൂർ |
| 32 | | വാടാനപ്പള്ളി |
| 33 | | വടക്കാഞ്ചേരി |

| 1 | 2 | 3 |
|---|---|---|
| 34 | പാലക്കാട് | ആലത്തൂർ |
| 35 | | ആലനല്ലൂർ |
| 36 | | കൊല്ലങ്കോട് |
| 37 | | കുഴൽമന്ദം |
| 38 | | ഒലവക്കോട് |
| 39 | | തൃത്താല |
| 40 | വയനാട് | കൽപ്പറ്റ |
| 41 | | പുൽപ്പള്ളി |
| 42 | | വെള്ളമുണ്ട |
| 43 | കണ്ണൂർ | ശ്രീകണ്ഠപുരം |
| 44 | | വളപട്ടണം |
| 45 | | കണ്ണൂർ |
| 46 | | പഴയങ്ങാടി |
| 47 | മലപ്പുറം | കോട്ടയ്ക്കൽ |
| 48 | | മഞ്ചേരി |
| 49 | | മേലാറ്റൂർ |
| 50 | | നിലമ്പൂർ |
| 51 | | പൊന്നാനി |
| 52 | | തേഞ്ഞിപ്പാലം |
| 53 | | തിരൂരങ്ങാടി |
| 54 | | വണ്ടൂർ |
| 55 | കോഴിക്കോട് | താമരശ്ശേരി |
| 56 | | പേരാമ്പ്ര |
| 57 | | പയ്യോളി |
| 58 | | കക്കാട്ടിൽ |
| 59 | കാസർഗോഡ് | നീലേശ്വരം |
| 60 | | ഉദുമ |

- 2003-2004 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ഈയിനത്തിൽ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത വർഷത്തിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻ പൂർത്തിയാകാതിരുന്നതിനാൽ ഫണ്ട് വിനിയോഗം നടന്നില്ല.
- 2004-2005 സാമ്പത്തിക വർഷത്തിൽ 5 കോടി ബജറ്റ് വിഹിതമുണ്ടയിരുന്നതും ഈ തുക വിനിയോഗിച്ച് താഴെപ്പറയുന്ന ജോലികൾ പൂർത്തിയാക്കുകയുണ്ടായി:

| ഇനം | വിനിയോഗിച്ച തുക |
|---|---|
| ഡാറ്റാ എൻട്രി<br>(60 സബ് രജിസ്ട്രാർ ഓഫീസുകളിൽ 1989 മുതൽ 2003 വരെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ ഡാറ്റായാണ് കമ്പ്യൂട്ടറൈസേഷനുവേണ്ടി കെൽട്രോൺ, കുടുംബശ്രീ, ദിനേഷ് ഇൻഫോടെക് എന്നീ സ്ഥാപനങ്ങൾ ഡാറ്റാ എൻട്രി നടത്തിയത്. ഇതിനുശേഷമുള്ള കാലയളവിലെ ഡാറ്റ ഓഫീസ് ജീവനക്കാർ ചെയ്തുവരുന്നു. നിലവിൽ നാളിതുവരെയുള്ള ഡാറ്റകൾ എന്റർ ചെയ്തിട്ടുണ്ട്. ഇത് ഉപയോഗിച്ചാണ് വസ്തുക്കളെ സംബന്ധിച്ചുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി നൽകിവരുന്നത്. ഇപ്പോൾ ബാങ്കുകൾ മുപ്പതും അതിലധികവും വർഷത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ബാങ്ക് ലോൺ നൽകാൻ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ 1980 മുതലുള്ള ഡാറ്റകൾ എന്റർ ചെയ്ത് സോഫ്റ്റ്‌വെയറിന്റെ ഭാഗമായി ഉൾപ്പെടുത്താനുള്ള നടപടി പുരോഗമിച്ചുവരുന്നു. 121 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഈ ജോലി പൂർത്തിയായിട്ടുണ്ട്.) | 48,53,369 രൂപ വിനിയോഗിച്ചു.<br>(ഇതിൽ 36,41,657 രൂപ കുടുംബശ്രീക്കും 7,64,913 രൂപ കെൽട്രോണിനും 4,46,799 രൂപ ഡിറ്റ്സിനും നൽകിയിട്ടുണ്ട്) |
| ട്രെയിനിംഗ്<br>(60 സബ് രജിസ്ട്രാർ ഓഫീസുകളിലെ 240 ജീവനക്കാർക്ക് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ട്രെയിനിംഗ് നൽകി) | 6,00,000 രൂപ |

- 2004-2005 സാമ്പത്തിക വർഷത്തിൽ മേൽ പ്രകാരമുള്ള 54,53,369 രൂപ വിനിയോഗിക്കുകയും 4,45,46,631 രൂപ സറണ്ടർ ചെയ്യുകയുമുണ്ടായി.
- 2005-2006 സാമ്പത്തിക വർഷത്തിൽ 7,50,00,000 രൂപ അനുവദിക്കുക യുണ്ടായി. ഇതിന്റെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | വിനിയോഗിച്ച തുക |
|---|---|
| 1 | 2 |
| ഡാറ്റാ എൻട്രി - മുൻവർഷം പൂർത്തിയാക്കിയതിന്റെ ബാക്കി ഡാറ്റകൾ<br>(60 സബ് രജിസ്ട്രാർ ഓഫീസുകളിൽ 1989 മുതൽ 2003 വരെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ ഡാറ്റയാണ് കമ്പ്യൂട്ടറൈസേഷന് വേണ്ടി കെൽട്രോൺ, കുടുംബശ്രീ, ദിനേഷ് ഇൻഫോടെക് എന്നീ സ്ഥാപനങ്ങൾ ഡാറ്റാ എൻട്രി നടത്തിയത്) | 12,13,342 രൂപ വിനിയോഗിച്ചു<br>(ഇതിൽ 9,10,414 രൂപ കുടുംബശ്രീക്കും 1,91,228 രൂപ കെൽട്രോണിനും 1,11,700 രൂപ ഡിറ്റ്സിനും നൽകിയിട്ടുണ്ട്.) |

| 1 | 2 |
|---|---|
| <u>സൈറ്റ് പ്രിപ്പറേഷൻ</u><br>(60 സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്കരണത്തിനുവേണ്ടി വൈദ്യുതീകരണം, ഫർണ്ണിച്ചർ, നെറ്റ് വർക്കിംഗ്, കമ്പ്യൂട്ടർ കാബിൻ എന്നിവയാണ് സൈറ്റ് പ്രിപ്പറേഷനിൽ ഉൾപ്പെട്ടിരുന്ന ഇനങ്ങൾ) | 75,00,000 രൂപ വിനിയോഗിച്ചു (ഡി.ആർ.ഡി.എ.യുടെ സൂപ്പർ വിഷനിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ കേരളയാണ് ക്യാബിൻ വർക്ക്, ഫർണ്ണിച്ചർ, വൈദ്യുതീകരണം തുടങ്ങിയ ജോലികൾ ചെയ്തത്.) |
| <u>കമ്പ്യൂട്ടർ ഹാർഡ് വെയർ പർച്ചേസ്</u><br>(രജിസ്ട്രേഷൻ വകുപ്പ് ഉപയോഗിച്ചുവരുന്ന ഓഫ് ലൈൻ സോഫ്റ്റ്‌വെയർ ആയ പേൾ 60 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഡിപ്ലോയ് ചെയ്യുന്നതിനുവേണ്ടി സർവർ, ഡെസ്ക് ടോപ്പ്-3, പ്രിന്റർ-2, സ്കാനർ-1, യു. പി. എസ്.-1, നെറ്റ്‌വർക്ക് ഹബ്-1 എന്നിവയാണ് വാങ്ങിയത്.) | 1,91,25,810 രൂപ വിനിയോഗിച്ചു. |
| <u>60 സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണത്തിന് വേണ്ടിയുള്ള ഓഫീസ് തല ചെലവുകൾ</u><br>(ഇതിൽ കെട്ടിട വാടക, വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക, ഓഫീസ് ബോർഡ് റിപ്പയർ, ഫർണ്ണിച്ചർ റിപ്പയർ, ഓഫീസ് കെട്ടിടങ്ങളുടെ റിപ്പയർ, ടെലിഫോൺ ബിൽ, മറ്റ് ലോക്കർ പർച്ചേസുകൾ എന്നിവ ഉൾപ്പെടുന്നു.) | 1,51,31,642 രൂപ വിനിയോഗിച്ചു. |

- മേൽ പ്രകാരമുള്ള 4,29,70,795 രൂപയുടെ വിനിയോഗം കഴിഞ്ഞുള്ള 3,20,29,205 രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയുണ്ടായി.
- 2006-2007 സാമ്പത്തിക വർഷത്തിൽ 2,50,00,000 രൂപയാണ് ഭരണാനുമതി നൽകിയത്. ഈ തുകയിൽ നിന്നും 1,07,11,966 രൂപയാണ് അനുവദിച്ചത്. ഇതിൽ നിന്നും 56,58,105 രൂപ ചെലവഴിച്ചു. ഇതിന്റെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാനം അനുവദിച്ച 1,40,25,073 രൂപയിൽ നിന്നും ഒന്നും തന്നെ ചെലവഴിച്ചിട്ടുള്ളതല്ല.

| ഇനം | വിനിയോഗിച്ച തുക |
|---|---|
| ഓഫീസുതല ലോക്കൽ പർച്ചേസുകൾ | 54,023 രൂപ |
| ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി | 37,29,276 രൂപ |
| മറ്റ് ചെലവുകൾ (ഇതിൽ കെട്ടിട വാടക, വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക, ടെലിഫോൺ ബിൽ എന്നിവ ഉൾപ്പെടും) | 18,74,806 രൂപ |

- മേൽ പ്രകാരമുള്ള 56,58,105 രൂപയുടെ വിനിയോഗം കഴിഞ്ഞുള്ള (Rs. 2,47,37,039 - 56,58,105) 1,90,78,934 രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയുണ്ടായി.
- 2007-2008 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിരുന്നില്ല. മുൻ വർഷം ചെയ്ത ജോലിയുടെ ചെലവിനുവേണ്ടി അഡീഷണൽ ആതറൈസേഷനായി 21,36,000 തുക അനുവദിച്ചു. ആയതിന്റെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വിനിയോഗിച്ച തുക |
|---|---|
| ഓഫീസ് കെട്ടിടങ്ങളുടെ പണി (കോട്ടയം പ്രിൻസിപ്പൽ, കാഞ്ഞിരപ്പള്ളി, പഴയന്നൂർ, തൃത്താല എന്നീ ഓഫീസുകളുടെ കെട്ടിങ്ങളുടെ എക്സ്റ്റൻഷൻ) | 8,04,000 രൂപ |
| മറ്റ് ചെലവുകൾ<br>(ഇതിൽ കെട്ടിട വാടക, വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക, ടെലിഫോൺ ബിൽ എന്നിവ ഉൾപ്പെടുന്നു.) | 10,46,532 രൂപ |

- മേൽ പ്രകാരമുള്ള 18,50,532 രൂപയുടെ വിനിയോഗം കഴിഞ്ഞുള്ള 2,85,468 രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയുണ്ടായി.

## റവന്യൂ (ജി) വകുപ്പ്

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ ജില്ലാ തലത്തിലാണ് പ്രവർത്തികൾ നടത്തിയിരുന്നത്. അവ പ്രധാനമായും ഡി.സി.സ്യൂട്ട് (സോഫ്റ്റ്‌വെയർ), വയർലസ്സ് സിസ്റ്റം, ബുക്കുകൾ, ഫർണ്ണിച്ചറുകൾ എന്നിവയായിരുന്നു. ആയതിനാൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതായിട്ടുള്ളകാര്യം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടില്ല.

## ആസൂത്രണ സാമ്പത്തികകാര്യ (പി) വകുപ്പ്

10-12-2004-ലെ ജി. ഒ. (എംഎസ്.) നമ്പർ 84/2004/പ്ലാനിംഗ് പ്രകാരം ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് (RBPS) Result Based Planning System) നടപ്പാക്കാൻ പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. അതിൻ പ്രകാരം പ്ലാനിംഗ് ബോർഡ് മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം (അലോപ്പതി), സാമൂഹിക നീതി എന്നീ തെരഞ്ഞെടുക്കപ്പെട്ട നാലു വകുപ്പുകളിൽ ടി വകുപ്പുകളുമായി ചേർന്ന് RBPS നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നാല് റിപ്പോർട്ടുകൾ തയ്യാറാക്കി ആയവ അംഗീകരിക്കുന്നതിലേക്കായി ജൂലൈ 2004-ൽ നിയമസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2004-2005, 2005-2006, 2006-2007 വർഷങ്ങളിലായി 3451-00-101-78—Result Based Planning System under MGP

എന്ന ശീർഷകത്തിൽ യഥാക്രമം 10,00,000 രൂപ, 5,00,000 രൂപ, 5,00,000 രൂപ എന്നിങ്ങനെ ബജറ്റ് വിഹിതം അനുവദിച്ചിരുന്നു. എന്നാൽ പദ്ധതിയിനത്തിൽ ചെലവുകളുണ്ടായിട്ടില്ലെന്നും ഫണ്ടുകൾ അതത് വർഷം തന്നെ സറണ്ടർ ചെയ്തിട്ടുണ്ടെന്നും പ്ലാനിംഗ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വ്യവസായ (ജി) വകുപ്പ്**

കൊല്ലം ജില്ലാ കളക്ടറുമായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ഒപ്പുവച്ച കരാറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം VII)

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

ബാധകമല്ല.

**ശിപാർശ 6 (ഖണ്ഡിക 57)**

57. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ടുള്ള ഫണ്ടിംഗ് ഏജൻസിയുടെ ഇടക്കാല വിലയിരുത്തൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് പ്രസ്തുത ഏജൻസി അന്തിമ വിലയിരുത്തൽ നടത്താതിരുന്നത് ഏതു സാഹചര്യത്തിലാണെന്നുള്ള വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാനത്തിന്റെ ഭരണവികസന രംഗങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾക്ക് വഴിതെളിച്ച ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റേയും നെതർലാന്റ്സ് സർക്കാരിന്റേയും സഹായത്തോടെ ആരംഭിച്ച ഭരണ നവീകരണ പദ്ധതിയുമായി (MGP) ബന്ധപ്പെട്ട ഫയലുകളെല്ലാം ഡിജിറ്റൈസേഷൻ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ വിവര സാങ്കേതികവിദ്യ (IT Cell) വകുപ്പിന്റെ പക്കലാണ് ഉള്ളത്. ഭരണനവീകരണ പരിപാടിയുമായി ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസി ഇടക്കാല വിലയിരുത്തൽ നടത്തുന്നുണ്ടോ എന്നും ഭരണ നവീകരണ പരിപാടിയുടെ വരവ് ചെലവ് കണക്കുകൾ സർക്കാർ തലത്തിൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോഎന്നതും സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ ധനകാര്യ വകുപ്പിൽ ലഭ്യമല്ല.

സമിതി ആവശ്യപ്പെട്ട അധിക വിവരം

റിപ്പോർട്ടിലെ 57, 58, 61 എന്നിവയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി, ഭരണ നവീകരണ പരിപാടികൾക്കായി ലഭിച്ച വായ്പകളുടെ 2016-17 കാലയളവ് വരെയുള്ള ആകെ ചെലവ്, ലോൺ തിരിച്ചടവ് എന്നിവ സംബന്ധിച്ചുള്ള നിലവിലെ വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

<u>ധനകാര്യ (പി.എ.സി.ബി) വകുപ്പ് ലഭ്യമാക്കിയ അധികവിവരത്തിനുള്ള മറുപടി</u>

എസ്റ്റിമേറ്റ്സ് കമ്മിറ്റി(2014-2016)യുടെ പതിനാറാമത് റിപ്പോർട്ടിലെ (ഭരണ നവീകരണ പരിപാടി എം.ജി.പി. സംബന്ധിച്ച്) ഖണ്ഡിക 57, 58, 61 എന്നിവയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടിയുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അധിക വിവരമായി ആവശ്യപ്പെട്ടിട്ടുള്ള നിലവിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഭരണ നവീകരണ പരിപാടിക്കായി എ.ഡി.ബി.വഴി ലഭ്യമാക്കിയ വായ്പയുടെ മാത്രമുള്ള തിരിച്ചടവ് വിവരവും ടി പരിപാടിക്കായി 2016-17 വരെയുള്ള ആകെ ചെലവ് വിവരങ്ങളും ധനകാര്യ വകുപ്പിൽ ലഭ്യമല്ല. എന്നാൽ ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 31-3-2005 കാലയളവ് വരെ ഭരണനവീകരണ പരിപാടിക്കായി വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്നും എം.ജി.പി. ഉൾപ്പെടെ കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കിയ വായ്പകളെല്ലാം ചേർത്ത് ചുവടെ ചേർത്തിട്ടുള്ള രീതിയിൽ ഒരു സമാഹൃത വായ്പയായിട്ടാണ്. (State plan loans consolidated in terms of recommendation of 12th Finance Commission) തിരിച്ചടവ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും അറിയിക്കുന്നു:

| 6004-02-105-99 | | 2049-04-109-99 | |
|---|---|---|---|
| വർഷം | മുതൽ (കോടിയിൽ) | വർഷം | പലിശ (കോടിയിൽ) |
| 2013-14 | 217.82 | 2013-14 | 187.25 |
| 2014-15 | 208.83 | 2014-15 | 171.47 |
| 2015-16 | 208.83 | 2015-16 | 155.81 |
| 2016-17 | 208.83 | 2016-17 | 140.15 |
| ആകെ | 844.31 | | 654.68 |

## റവന്യൂ (ജി) വകുപ്പ്

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ടുള്ള ഫണ്ടിംഗ് ഏജൻസിയുടെ പ്രവർത്തനം ധനകാര്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനാൽ ആ വിവിരം റവന്യൂ വകുപ്പിൽ ലഭ്യമല്ല.

## ശിപാർശ 7 (ഖണ്ഡിക 58)

<u>ഭരണനവീകരണ പരിപാടിയുടെ നിർവ്വഹണം സംബന്ധിച്ച സർക്കാർ തലത്തിലോ മറ്റേതെങ്കിലും തലത്തിലോ വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി (ധനകാര്യ പി.എ.സി.ബി.)</u>

സംസ്ഥാനത്തിന്റെ ഭരണവികസന രംഗങ്ങളിൽ ഓട്ടേറെ മാറ്റങ്ങൾക്ക് വഴിതെളിച്ച, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റേയും നെതർലാന്റ്സ് സർക്കാരിന്റേയും സഹായത്തോടെ ആരംഭിച്ച ഭരണ നവീകരണ പദ്ധതിയുമായി (MGP) ബന്ധപ്പെട്ട ഫയലുകളെല്ലാം ഡിജിറ്റൈസേഷൻ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ വിവര സാങ്കേതികവിദ്യ (IT Cell) വകുപ്പിന്റെ പക്കലാണ് ഉള്ളത്. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസി ഇടക്കാല വിലയിരുത്തൽ നടത്തുന്നുണ്ടോ എന്നും ഭരണ നവീകരണ പരിപാടിയുടെ വരവ് ചെലവ് കണക്കുകൾ സർക്കാർ തലത്തിൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോയെന്നതും സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ ധനകാര്യ വകുപ്പിൽ ലഭ്യമല്ല.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

റിപ്പോർട്ടിലെ 57, 58, 61 എന്നിവയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി, ഭരണ നവീകരണ പരിപാടികൾക്കായി ലഭിച്ച വായ്പകളുടെ 2016-17 കാലയളവ് വരെയുള്ള ആകെ ചെലവ്, ലോൺ തിരിച്ചടവ് എന്നിവ സംബന്ധിച്ചുള്ള നിലവിലെ വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

<u>ധനകാര്യ (പി.എ.സി.ബി.) വകുപ്പ് ലഭ്യമാക്കിയ അധികവിവരത്തിനുള്ള മറുപടി</u>

എസ്റ്റിമേറ്റ്സ് കമ്മിറ്റി(2014-2016)യുടെ പതിനാറാമത് റിപ്പോർട്ടിലെ (ഭരണ നവീകരണ പരിപാടി എം.ജി.പി. സംബന്ധിച്ച്) ഖണ്ഡിക 57, 58, 61 എന്നിവയിന്മേൽ ധനകര്യ വകുപ്പ് ലഭ്യമാക്കിയ മറുപടിയുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അധിക വിവരമായി ആവശ്യപ്പെട്ടിട്ടുള്ള നിലവിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഭരണനവീകരണ പരിപാടിക്കായി എ.ഡി.ബി.വഴി ലഭ്യമാക്കിയ വായ്പയുടെ മാത്രമുള്ള തിരച്ചടവ് വിവരവും ടി പരിപാടിക്കായി 2016-17 വരെയുള്ള ആകെ ചെലവ് വിവരങ്ങളും ധനകാര്യ വകുപ്പിൽ ലഭ്യമല്ല. എന്നാൽ ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 31-3-2005 കാലയളവ് വരെ ഭരണ നവീകരണ പരിപാടിക്കായി വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്നും എം.ജി.പി. ഉൾപ്പെടെ കേന്ദ്രസർക്കാർ മുഖേന ലഭ്യമാക്കിയ

വായ്പകളെല്ലാം ചേർത്ത് ചുവടെ ചേർത്തിട്ടുള്ള രീതിയിൽ ഒരു സമാഹൃത വായ്പയായിട്ടാണ് (State plan loan consolidated in terms of recommendations of 12th Finance Commission) തിരിച്ചടവ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും അറിയിക്കുന്നു.

| 6004-02-105-99 | | 2049-04-109-99 | |
|---|---|---|---|
| വർഷം | മുതൽ (കോടിയിൽ) | വർഷം | പലിശ (കോടിയിൽ) |
| 2013-14 | 217.82 | 2013-14 | 187.25 |
| 2014-15 | 208.83 | 2014-15 | 171.47 |
| 2015-16 | 208.83 | 2015-16 | 155.81 |
| 2016-17 | 208.83 | 2016-17 | 140.15 |
| ആകെ | 844.31 | | 654.68 |

### റവന്യൂ (ജി) വകുപ്പ്

ഭരണ നവീകരണ പരിപാടിയുടെ നിർവ്വഹണം സംബന്ധിച്ച വകുപ്പുതല വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

### ശിപാർശ 8 (ഖണ്ഡിക 59)

ഭരണ നവീകരണ പരിപാടിയുടെ വരവുചെലവുകണക്കുകൾ സർക്കാർ തലത്തിൽ ഓഡിറ്റ് ചെയ്തിട്ടുണ്ടോയെന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ഇതുസംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഓരോ വകുപ്പും സമർപ്പിച്ചിട്ടുള്ള മറുപടികളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി [സ്റ്റോർ പർച്ചേസ് (ബി) വകുപ്പ്]

ഭരണ നവീകരണപരിപാടിയുമായി ബന്ധപ്പെട്ട് ഒരു പദ്ധതിയും ഈ വകുപ്പിൽ നടപ്പാക്കിയിട്ടില്ല.

### ഭക്ഷ്യപൊതുവിതരണ (പി.എസ്.) വകുപ്പ്

ആയതിന്മേൽ വകുപ്പുമേധാവിയായ സിവിൽ സപ്ലൈസ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി മറുപടി ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് സമിതിക്ക് മുൻപാകെ സമർപ്പിക്കുന്നതാണ്.

### തൊഴിലും നൈപുണ്യവും (സി) വകുപ്പ്

കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട വരവുചെലവുകണക്കുകൾ സർക്കാർ തലത്തിൽ ഓഡിറ്റ് ചെയ്തിട്ടില്ല. എ.ജി.യുടെ ഓഡിറ്റാണ് നടന്നിട്ടുള്ളത്. എ.ജി.യുടെ ഓഡിറ്റിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വകുപ്പ് നൽകിയ വിവരങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. (അനുബന്ധം VIII).

## റവന്യൂ (ജി) വകുപ്പ്

ഭരണ നവീകരണ പരിപാടിയുടെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന വേളയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ട്.

## ആസൂത്രണ സാമ്പത്തികകാര്യ (പി) വകുപ്പ്

10-12-2004-ലെ ജി. ഒ. (എംഎസ്.) നമ്പർ 84/2004/പ്ലാനിംഗ് പ്രകാരം ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് (RBPS) Result Based Planning System നടപ്പാക്കാൻ പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. അതിൻ പ്രകാരം പ്ലാനിംഗ് ബോർഡ് മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം (അലോപ്പതി), സാമൂഹിക നീതി എന്നീ തെരഞ്ഞെടുക്കപ്പെട്ട നാലുവകുപ്പുകളിൽ ടി വകുപ്പുകളുമായി ചേർന്ന് RBPS നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നാല് റിപ്പോർട്ടുകൾ തയ്യാറാക്കി ആയവ അംഗീകരിക്കുന്നതിലേക്കായി ജൂലൈ 2004-ൽ നിയമസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2004-2005, 2005-2006, 2006-2007 വർഷങ്ങളിലായി 3451-00-101-78—Result Based Planning System under MGP എന്ന ശീർഷകത്തിൽ യഥാക്രമം രൂപ, 10,00,000 രൂപ, 5,00,000 രൂപ, 5,00,000 രൂപ എന്നിങ്ങനെ ബജറ്റ് വിഹിതം അനുവദിച്ചിരുന്നു. എന്നാൽ പദ്ധതിയിനത്തിൽ ചെലവുകളുണ്ടായിട്ടില്ലെന്നും ഫണ്ടുകൾ അതത് വർഷം തന്നെ സറണ്ടർ ചെയ്തിട്ടുണ്ടെന്നും പ്ലാനിംഗ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വ്യവസായ (ജി) വകുപ്പ്

കൊല്ലം ജില്ലാ കളക്ടറുമായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ഒപ്പുവച്ച കരാറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം V).

## തൊഴിലും നൈപുണ്യവും (സി) വകുപ്പ്

ബാധകമല്ല.

## ശിപാർശ 9 (ഖണ്ഡിക 61)

ഭരണ നവീകരണ പരിപാടിക്കായി ലഭിച്ച വായ്പയുടെ തിരച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന് 2006-ൽ തിരിച്ചടവ് തുടങ്ങിയെന്നും കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വായ്പകളെല്ലാം ചേർത്ത് തവണകളായാണ്

അടയ്ക്കുന്നതെന്നും തുടക്കത്തിൽ 11.5% പലിശയും നിലവിൽ 9.5% പലിശയുമാണ് അടയ്ക്കുന്നതെന്നും വായ്പയുടെ 30% കേന്ദ്രത്തിന്റെ ഗ്രാന്റായിരുന്നുവെന്നും ബാക്കി 70 ശതമാനം 15 വർഷം കൊണ്ട് തിരിച്ചടയ്ക്കണമെന്നും തിരിച്ചടവിൽ 5 വർഷത്തെ മൊറട്ടോറിയം ഉണ്ടായിരുന്നെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വായ്പായിനത്തിൽ 2006 മുതൽ ഓരോ വർഷവും നാളിതുവരെ മുതലിനത്തിലും പലിശയിനത്തിലും എത്ര രൂപ വീതം തിരിച്ചടച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നുള്ള മറുപടി ധനകാര്യ (പി.എ.സി.ബി.) വകുപ്പ്

ഖണ്ഡിക 61-ലെ ശിപാർശയിന്മേൽ ഭരണ നവീകരണ പദ്ധതിക്കായി ലഭ്യമായ വായ്പാതിരിച്ചടവ് നടത്തുന്നത് പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 31-3-2005 വരെ സംസ്ഥാനത്തിന്റെ ഭരണ നവീകരണ പദ്ധതി (MGP) ഉൾപ്പെടെ കേന്ദ്ര സർക്കാർ മുഖേന ലഭ്യമായ വായ്പകൾ എല്ലാം ചേർത്ത് ഒരു സമാഹൃത വായ്പയായിട്ടാണ് (State plan loans consolidated in terms of recommendation of 12th Finance Commission) ഈ സാഹചര്യത്തിൽ എം.ജി.പി.ക്കായി ADB മുഖേന എടുത്ത വായ്പയുടെ മാത്രം തിരിച്ചടവിന്റെ കണക്കുകൾ ലഭ്യമല്ല. പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തിന് ആകെ ലഭിച്ച 1148.5 കോടി രൂപയിൽ 803.95 കോടി രൂപ വായ്പയിനത്തിൽ തിരിച്ചടവിനുള്ളതായും Consolidated loan-ന്റെ തിരിച്ചടവിൽ MGP വായ്പയുടെ തിരച്ചടവും ഉൾപ്പെടുന്നുണ്ടെന്നും കൂടാതെ പ്രസ്തുത സമാഹൃത വായ്പയുടെ തിരിച്ചടവിന്മേലുള്ള 5 വർഷത്തെ മൊറൊട്ടോറിയം പിരീഡിനുശേഷം ഫിനാൻസ് അക്കൗണ്ട്സിലെ രേഖകൾ പ്രകാരം 2013-14 മുതൽ മുതലും പലിശയും ഇനത്തിൽ തിരിച്ചടവ് നടത്തിയിട്ടുള്ളതുമാണ് എന്നും അറിയിച്ചുകൊള്ളുന്നു. തിരിച്ചടവ് നടത്തിയതിന്റെ വിശദാംശങ്ങളുടെ പകർപ്പുകളും ഉള്ളടക്കം ചെയ്തിരിക്കുന്നു (അനുബന്ധം IX).

മേൽ റിപ്പോർട്ടിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി ഭരണ നവീകരണ പരിപാടികൾക്കായി ലഭിച്ച വായ്പകളുടെ 2016-17 കാലയളവ് വരെയുള്ള ആകെ ചെലവ്, ലോൺ തിരിച്ചടവ് എന്നിവ സംബന്ധിച്ചുള്ള നിലവിലെ വിശദാംശങ്ങൾ ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

ധനകാര്യ (പി.എ.സി.ബി.) വകുപ്പ് ലഭ്യമാക്കിയ അധികവിവരം

എസ്റ്റിമേറ്റ്സ് കമ്മിറ്റി(2014-2016)യുടെ പതിനാറാമത് റിപ്പോർട്ടിലെ (ഭരണ നവീകരണ പരിപാടി എം.ജി.പി. സംബന്ധിച്ച്) ഖണ്ഡിക 57, 58, 61 എന്നിവയിന്മേൽ

ധനകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടിയുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അധിക വിവരമായി ആവശ്യപ്പെട്ടിട്ടുള്ള നിലവിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഭരണ നവീകരണ പരിപാടിക്കായി എ.ഡി.ബി.വഴി ലഭ്യമാക്കിയ വായ്പയുടെ മാത്രമുള്ള തിരിച്ചടവ് വിവരവും ടി പരിപാടിക്കായി 2016-17 വരെയുള്ള ആകെ ചെലവ് വിവരങ്ങളും ധനകാര്യ വകുപ്പിൽ ലഭ്യമല്ല. എന്നാൽ ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 31-3-2005 കാലയളവ് വരെ ഭരണനവീകരണ പരിപാടിക്കായി വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്നും എം.ജി.പി. ഉൾപ്പെടെ കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കിയ വായ്പകളെല്ലാം ചേർത്ത് ചുവടെ ചേർത്തിട്ടുള്ള രീതിയിൽ ഒരു സമാഹൃത വായ്പയായിട്ടാണ്. (State plan loans consolidated in terms of recommendation of 12th Finance Commission) തിരിച്ചടവ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും അറിയിക്കുന്നു:

| 6004-02-105-99 | | 2049-04-109-99 | |
|---|---|---|---|
| വർഷം | മുതൽ (കോടിയിൽ) | വർഷം | പലിശ (കോടിയിൽ) |
| 2013-14 | 217.82 | 2013-14 | 187.25 |
| 2014-15 | 208.83 | 2014-15 | 171.47 |
| 2015-16 | 208.83 | 2015-16 | 155.81 |
| 2016-17 | 208.83 | 2016-17 | 140.15 |
| ആകെ | 844.31 | | 654.68 |

## റവന്യൂ (ജി) വകുപ്പ്

ഭരണ നവീകരണ പരിപാടിയുടെ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ ധനകാര്യ വകുപ്പിൽ നിന്നും വാങ്ങാവുന്നതാണ്.

## ഖണ്ഡിക നമ്പർ 13

### III. സർക്കാർ ജീവനക്കാർക്കുള്ള തീവ്ര പരിശീലന പരിപാടി

ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പാണ് ഈ ഉദ്യമം നടപ്പിലാക്കിയത്. ലോവർ ഡിവിഷൻ ക്ലാർക്ക്, വെറ്ററിനറി സർജൻ, പോലീസ് കോൺസ്റ്റബിൾ, അഗ്രിക്കൾച്ചറൽ ഓഫീസർ, വില്ലേജ് അസിസ്റ്റന്റ്, മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, ലോവർ ഡിവിഷൻ കമ്പൈലർ മുതലായ തസ്തികകളിലുള്ളവരെയാണ് ജോലിയിൽ പ്രവേശിച്ചാലുടൻ പ്രാരംഭ പരിശീലനം നൽകുന്നതിന് തെരഞ്ഞെടുത്തിരുന്നത്. സാധാരണക്കാർക്ക് കിട്ടേണ്ട സേവനങ്ങൾ ഫലപ്രദമായും സമയബന്ധിതമായും അവർക്ക് എത്തിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥരെ പ്രാപ്തമാക്കുന്നതിന് പ്രസ്തുത പരിശീലന പരിപാടി തുടരേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്)

സംസ്ഥാന പരിശീലന നയം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഐ.എം.ജി.യിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2003-04 കാലയളവിൽ ആകെ 7,11,003 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കൂടാതെ ഐ.എം.ജി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എം.ജി.പി. ഫണ്ടിൽനിന്നും 12.745 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം X).

**ഖണ്ഡിക നമ്പർ 30**

മഴവെള്ള സംഭരണ പദ്ധതി

30. ജലവിഭവ വകുപ്പാണ് ഈ പദ്ധതി നടപ്പാക്കിയത്. ജല സംരക്ഷണവും കുടിവെള്ള ലഭ്യതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മഴവെള്ള സംഭരണത്തിലും കെട്ടിടങ്ങൾക്കുമുകളിൽ പതിക്കുന്ന ജലം സംഭരിക്കുന്നതിലും അതിനാവശ്യമായ അടിസ്ഥാന സൗകര്യ നിർമ്മാണത്തിലും വിവിധ ജില്ലകളിലായി 700 ജോലിക്കാർക്കും 350 എഞ്ചിനീയർമാർക്കും ശാസ്ത്രീയ പരിശീലനം നൽകി. സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 10000 ലിറ്റർ ശേഷിയുള്ള 955 പ്രദർശന ജല സംഭരണ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മഴവെള്ള സംഭരണ രീതിയുടെ പ്രചാരണത്തിനായി തിരുവനന്തപുരത്ത് സംസ്ഥാന നിർമ്മിതി കേന്ദ്ര വകുപ്പിൽ ഒരു റെയിൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, വെറ്ററിനറി കോളേജ്, സ്കൂളുകൾ, സർക്കാർ ഓഫീസുകൾ തുടങ്ങി ജലക്ഷാമമുള്ള നിരവധി കേന്ദ്രങ്ങളിൽ മഴവെള്ള സംഭരണികളുടെ നിർമ്മാണം വളരെ പ്രയോജനകരമാണെന്ന് കാണാൻ സാധിക്കും. കടുത്ത വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്ന സംസ്ഥാനമായി കേരളം മാറിയ സാഹചര്യത്തിൽ മഴവെള്ള സംഭരണികൾ വളരെ ഫലപ്രദമാണ്. ഈ പദ്ധതി വ്യാപകമാക്കേണ്ടതാണ്.

സർക്കാർ സ്വീകരിച്ച നടപടി [ജലവിഭവ (ബി) വകുപ്പ്]

കെ.ആർ.ഡബ്ല്യൂ.എസ്.എ.-യെ നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് 2004-ൽ ആണ് മഴകേന്ദ്രം സ്ഥാപിതമായത്. പ്രസ്തുതവർഷം സംസ്ഥാനത്തുടനീളം അനുഭവപ്പെട്ട കൊടും വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ മഴവെള്ള സംഭരണത്തിന് പ്രചാരണം നൽകുകയായിരുന്നു മഴ കേന്ദ്രത്തിന്റെ മുഖ്യമായ ലക്ഷ്യം.

പ്രാരംഭ ഘട്ടത്തിൽ ജലനിധി പദ്ധതിയുടെയും എം.ജി.പി. പദ്ധതിയിൽനിന്നും ലഭ്യമാക്കിയ തുകയും ഉപയോഗിച്ചാണ് മഴവെള്ള സംഭരണത്തെ ജനമധ്യത്തിൽ പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ആയതിന്റെ ഭാഗമായി നടപ്പിലാക്കിയ മുഖ്യപരിപാടികൾ താഴെ പറയുന്നവയാണ്.

i. മഴവെള്ള സംഭരണം ജനമധ്യത്തിലെത്തിക്കുന്നതിനാവശ്യമായ വിവര വിജ്ഞാന വിനിമയ പരിപാടികൾ.

ii. മഴവെള്ള സംഭരണത്തിന് അനുയോജ്യമായ ഫെറോ സിമന്റ് സാങ്കേതിക വിദ്യയെ സംബന്ധിച്ച് എഞ്ചിനീയർമാർക്ക് പരിശീലനം.

iii. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ മേസൺ പരിശീലനം.

iv. പൊതു സ്ഥലങ്ങളിൽ മാതൃക മഴവെള്ള സംഭരണികളുടെ നിർമ്മാണം.

v. ജില്ലാ തലങ്ങളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗിച്ച് മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി മഴവെള്ള സംഭരണത്തിന്റെ സന്ദേശം, പ്രാധാന്യം, ആവശ്യകത തുടങ്ങിയവ സംസ്ഥാന വ്യാപകമായി പ്രചരിക്കപ്പെടുകയുണ്ടായതിനെ തുടർന്ന് വ്യക്തികളും, സ്ഥാപനങ്ങളും മഴവെള്ള സംഭരണം നടപ്പിലാക്കുന്നതിന് തൽപ്പരരാവുകയും സ്വന്തം ചെലവിൽ നടപ്പിലാക്കുകയും ചെയ്തു.

തുടർന്ന് വന്ന വർഷങ്ങളിൽ സംസ്ഥാനത്ത് അനുഭവപ്പെട്ടുവന്ന വരൾച്ചയെ പ്രതിരോധിക്കുന്നതിനും, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമായി സർക്കാർ മഴവെള്ള സംഭരണം-ഭൂജലപരിപോഷണം എന്ന പേരിൽ പദ്ധതി സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തുകയും പ്ലാൻ സ്കീമിൽ ഓരോ വർഷവും തുക അനുവദിച്ചുവരുകയും ചെയ്യുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ ശരാശരി ഏകദേശം അഞ്ച് കോടി രൂപ വീതം പ്ലാൻ സ്കീമിൽ വകയിരുത്തുന്നുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പദ്ധതി നടപ്പിലാക്കിവരുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ ഈ മേഖലയിൽ മഴകേന്ദ്രം മുഖാന്തരം നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരങ്ങൾ താഴെ വിശദമാക്കുന്നു:

പദ്ധതിയുടെ ഭാഗമായി ഇതിനോടകം 5 ജില്ലകളിലെ 15 ഗ്രാമപഞ്ചായത്തുകളിലെ 4000 കുടുംബങ്ങൾക്ക് വ്യക്തിഗത മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത

മാതൃകയിൽ നിർമ്മിച്ച നൽകി. 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാവുന്ന സംഭരണികൾ ഫെറോ സിമന്റ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. നടപ്പുസാമ്പത്തിക വർഷത്തിൽ ആറ് ജില്ലകളിലെ 9 ഗ്രാമ പഞ്ചായത്തുകളിലെ 1800 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിലേക്ക് പദ്ധതിയുടെ നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഈ കടുത്ത വേനലിൽ സംഭരണികൾ വെള്ളം സംഭരിച്ച വച്ചത് വലിയ ആശ്വാസം പകരുന്നെന്ന് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി 13-ാമത് പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ തുക ഉൾപ്പെടുത്തുന്നതിലേയ്ക്കായി പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

'ജലസൗഹൃദ വിദ്യാലയം' എന്ന് നാമകരണം ചെയ്ത ജല വിഭവ വകുപ്പും, വിദ്യാഭ്യാസ വകുപ്പും സംയുക്തമായി മഴവെള്ള സംഭരണത്തിന്റെ സന്ദേശം, ആവശ്യകത, പ്രാധാന്യം എന്നിവ വിദ്യാർത്ഥികളിലൂടെ അവരുടെ കുടുംബങ്ങളിലേയ്ക്കും തുടർന്ന് ജനമധ്യത്തിലേയ്ക്കും എത്തിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 840 സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച നൽകുന്നു. പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ അവയുടെ നിർമ്മാണ ജോലികൾ പുരോഗമിച്ച വരുന്നു.

മഴവെള്ള സംഭരണം-ഭൂജല പരിപോഷണം വിവിധ രീതികളിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി അടുത്ത സാമ്പത്തികവർഷം ഏതാനും ചില പുതിയ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. വ്യക്തിഗത കുടുംബങ്ങൾക്കും, വിദ്യാലയങ്ങൾക്കും മഴവെള്ള സംഭരണികൾ നിർമ്മിച്ച നൽകുന്നതിന് പുറമെ കിണർ റീ ചാർജ്, പൊതു സ്ഥാപനങ്ങളിൽ ഇതിനോടകം നിർമ്മിച്ചിരിക്കുന്ന സംഭരണികളുടെ അറ്റകുറ്റപ്പണികൾ, ഗ്രാമപഞ്ചായത്തുകളിൽ മാതൃക മഴ വെള്ള സംഭരണികളുടെ നിർമ്മാണം, പുരയിട നീർത്തട പദ്ധതി എന്നിവ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഏറ്റവും ഫലപ്രദവും അനുയോജ്യവുമായ പരിപാടിയാണ് മഴവെള്ള സംഭരണവും-ഭൂജലപരിപോഷണവും. പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം ജനപങ്കാളിത്തത്തോടെ ചെയ്യുന്നതിലൂടെ ജലസമ്പത്ത് വർദ്ധിപ്പിക്കുവാൻ സാധിക്കും. വീടിനുമുകളിൽ വീഴുന്ന മഴവെള്ളം ഒഴുകി പുറത്തുപോകുന്നതിനുപകരം അവ ശേഖരിച്ച് ഉപയോഗിക്കുകയോ ഭൂമിയിലേയ്ക്ക് റീ ചാർജ് ചെയ്യുകയോ ചെയ്യുന്നതുമൂലം

ജല സമ്പത്ത് സംരക്ഷിച്ച് ജലദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കും. കൊടുംവരൾച്ചയെ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടങ്ങളിൽ ജനങ്ങൾക്ക് 'മഴവെള്ള സംഭരണം ഭൂജല പരിപോഷണ പദ്ധതി' മാതൃകയായി ഏറ്റെടുക്കുവാൻ സാധിക്കും.

**ഖണ്ഡിക നമ്പർ 24**

XI. പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണം

വ്യവസായ വകുപ്പാണ് ഈ ഉദ്യമം നടപ്പിലാക്കിയത്. 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ എം.ജി.പി.യുടെ ഭാഗമായി ലഭിച്ച തുക പ്രധാനമായും ഉപയോഗിച്ചത് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി One Time Settlement നടത്തുന്നതിനും പ്രവർത്തനം നിലച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കഷ്ടതകൾ കണക്കിലെടുത്ത് അവരെ സ്വയം വിരമിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കമ്പനികൾക്ക് നവീകരണ പ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനത്തിനായും പ്രവർത്തനം തുടർന്നുകൊണ്ട് പോകുന്നതിനുമായാണ്. മേൽപ്പറഞ്ഞ ധനസഹായം കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

* ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുനഃക്രമീകരണം വളരെ അത്യാവശ്യമായ സാങ്കേതിക വിദ്യയുടെ നവീകരണം, manpower rationalization/redeployment, സമാനസ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം.

* സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിപുലീകരണം, വൈവിധ്യവൽക്കരണം എന്നീ മാർഗ്ഗങ്ങളും സമാന മേഖലയിലുള്ള ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളുമായുള്ള താരതമ്യ പഠനം, Web Enabled Performance Monitoring, കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതതുമേഖലകളിൽ വൈദഗ്ധ്യമുള്ളവരെ തെരഞ്ഞെടുത്തു നിയമിക്കുക.

*കൂടാതെ കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതിനും ഇവയിൽ നിന്ന് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികളും പൊതുമേഖലാ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

പ്രവർത്തനക്കരാർ സംവിധാനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായ നയം അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കുവാനാണ് ഈ

ഉദ്യമം കൊണ്ട് ഉദ്ദേശിച്ചത്. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനും നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഈ മേഖലയിലെ തുടർപ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

സർക്കാർ സ്വീകരിച്ച നടപടി [വ്യവസായ (ബി) വകുപ്പ്]

കെ.എസ്.ഐ.ഇ.-യ്ക്ക് 2003-2006 കാലയളവിൽ ബാങ്കുകളുമായോ, മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായോ One Time Settlement-ന്റെ ആവശ്യം ഉണ്ടായിട്ടില്ല. ലാഭകരമായി പ്രവർത്തിച്ചുവന്നിരുന്ന സ്ഥാപനം 2009-10 കാലയളവിൽ കേരള സോപ്പ്സ്, കോഴിക്കോട്, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, കൊച്ചി എന്നീ രണ്ട് പുതിയ പ്രവർത്തന മേഖലകളിലേക്ക് കടക്കുകയുണ്ടായി. കെ.എസ്.ഐ.ഇ.യുടെ പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള നവീകരണ പ്രവർത്തനങ്ങൾ, പുതിയ ഉപകരണങ്ങളുടെ ഉപയോഗം എന്നിവ ഇക്കാലയളവിൽ കമ്പനി തന്നെ ചെയ്യുകയുണ്ടായെങ്കിലും കമ്പനിയുടെ നിയന്ത്രണത്തിലല്ലാത്ത കാരണങ്ങൾ കൊണ്ട് എയർ കാർഗോ കോംപ്ലക്സുകളിലും, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകളിലും വരുമാനത്തിൽ കുറവുണ്ടായതും, മറ്റ് ചെലവുകൾ വർദ്ധിക്കുകയും ചെയ്തത് കമ്പനിയുടെ ലാഭകരമായ പ്രവർത്തനത്തെ ബാധിച്ചു. 2013 മുതൽ 2017 വരെയുള്ള കാലയളവിൽ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെട്ടതായിരുന്നില്ലെങ്കിലും 2017-18 മുതൽ കമ്പനിക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവക്കാൻ കഴിയുന്നുണ്ട്.

## അദ്ധ്യായം III

## സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയിന്മേൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടത്

### ശിപാർശ 5 (ഖണ്ഡിക 55)

ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ഓരോ വകുപ്പിലും നടപ്പാക്കിയ ഓരോ പദ്ധതിയുടെയും പ്രോജക്ട് റിപ്പോർട്ടുകൾ ഏതൊക്കെ ഏജൻസികളാണ് തയ്യാറാക്കിയതെന്നും അവയ്ക്കോരോന്നിനും ഏതൊക്കെ തീയതികളാണ് എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയത് എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (പി.എസ്.) വകുപ്പ്

ഭരണ നവീകരണ പരിപാടിയിൽ ഇൻഷ്യേറ്റീവ് നമ്പർ "IV-1-3 Simplification of Rules for Faster implementation of Decisions in Government" (സർക്കാർ തീരുമാനങ്ങൾ വേഗത്തിലാക്കുന്നതിനായി നിയമങ്ങൾ ലഘൂകരിക്കൽ) എന്നതിന്റെ തുടർനടപടികൾ

സ്വീകരിക്കുവാനാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.-4) വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പദ്ധതിയുടെ സാങ്കേതിക സഹായത്തിനുള്ള ടേംസ് ഓഫ് റഫറൻസും ബഡ്ജറ്റ് എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ടാറ്റാ കൺസൾട്ടൻസിയുടെ സഹായത്തോടെയായിരുന്നു. പ്രൊപ്പോസലിന് എം.ജി.പി. സ്റ്റിയറിംഗ്-കം-എംപവേർഡ് കമ്മിറ്റിയുടെ 18-11-2014-ലെ യോഗത്തിൽ 7,17,000 രൂപയുടെ അംഗീകാരം ലഭിച്ചതിൻ പ്രകാരം 2004-05 സാമ്പത്തിക വർഷം 7,17,000 രൂപയുടെ ഭരണാനുമതി നൽകുകയും സർവ്വീസ് നിയമങ്ങൾ, മാന്വലുകൾ എന്നിവയെ സംബന്ധിച്ച് രണ്ട് വർക്ക് ഷോപ്പുകൾ IMG-യിൽ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. പദ്ധതി തുടർന്ന് നടപ്പാക്കുന്നതിനായി പുതുക്കിയ ബഡ്ജറ്റും ടേംസ് ഓഫ് റഫറൻസുമായി പുതുക്കിയ പദ്ധതി നിർദ്ദേശം എം.ജി.പി. സ്റ്റിയറിംഗ്-കം-എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും 28-2-2006-ൽ കൂടിയ യോഗം ഇക്കാര്യം മാറ്റിവയ്ക്കാൻ നിർദ്ദേശിച്ചിരുന്നു. 28-7-2006-ൽ കൂടിയ യോഗം ഇത് പരിഗണിക്കുകയും നിയമപരിഷ്കരണത്തിനായി സ്വകാര്യ കൺസൾട്ടന്റുമാരെ നിയമിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും വകുപ്പുദ്യോഗസ്ഥരുമായും പൊതുജനങ്ങളുമായും ചർച്ചകളും, വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നതിനും റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിനും തടസ്സമില്ലെന്നുമുള്ള ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

നിലവിലുള്ള ചട്ടങ്ങൾ, മാന്വലുകൾ, കോഡുകൾ എന്നിവയിൽ ഏതെങ്കിലും ബുദ്ധിമുട്ടുകൾ വരുന്നപക്ഷം അതതു ഭരണ വകുപ്പുകൾ തന്നെ ആവശ്യമായ ഭേദഗതി നടത്തുന്നതിനാൽ എം.ജി.പി.വഴി ഇവ ലഘൂകരിക്കേണ്ടതില്ലെന്ന് സർക്കാർ പിന്നീട് തീരുമാനിക്കുകയുണ്ടായി. അക്കാരണം കൊണ്ട് സ്വകാര്യ കൺസൾട്ടന്റുമാരുടെ സഹായത്തോടെ നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പദ്ധതി എം.ജി.പി.വഴി നടപ്പാക്കിയില്ല.

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി “IV.3.1 (Performance based system in Civil Services) എന്ന ഇൻഷ്യേറ്റീവ് കോഡ് ആണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. 3) വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നത്. ഇൻഷ്യേറ്റീവുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനായി എം. ജി. പി. ഒരു Procurement Service Provider (PSP) രൂപീകരിച്ചിരുന്നു. MGP-യുടെ PSP-യാണ് ഇൻഷ്യേറ്റീവിന്റെ ഭാഗമായ Performance Management Frame Work (PMF) വികസിപ്പിക്കുന്നതിനായി ഡൽഹിയിലെ ICRA Management Consultancy Services (ImaCs)-നെ ചുമതലപ്പെടുത്തിയിരുന്നു. സംസ്ഥാന സർവ്വീസിലെ നിലവിലുള്ള Performance Appraisal Form-ൽ മാറ്റം വരുത്തി ഒരു സ്റ്റാൻഡേർഡ് ഫോർമാറ്റ് Performance Management Frame Work എന്ന പേരിൽ

തയ്യാറാക്കി പ്രസ്തുത സ്ഥാപനം MGP.-വഴി ലഭ്യമാക്കിയിരുന്നു. MGP.-യുടെ സേവനമുദ്ര എന്ന ഇൻഷ്യേറ്റീവ് നടപ്പിലാക്കിയ വിദ്യാഭ്യാസം, റവന്യൂ എന്നീ വകുപ്പുകളിലെ തെരഞ്ഞെടുത്ത ഓഫീസുകളിൽ പ്രസ്തുത ഫോറങ്ങൾ ലഭ്യമാക്കുകയും പ്രാഥമിക പഠനവും വിവര ശേഖരണവും നടത്തുകയുണ്ടായി. പ്രാഥമിക പഠനവും വിവര ശേഖരണവും M.G.P.-യുടെ പൂർത്തീകരണ കാലാവധിയായ 31-9-2007-നകം പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാൽ ഇക്കാര്യത്തിലുള്ള അന്തിമ റിപ്പോർട്ട് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടില്ല.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്നും ലഭിച്ച മറുപടി പരിഗണിക്കവെ 30-9-2007 വരെയുള്ള പ്രസ്തുത വകുപ്പിന്റെ ഭരണ നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള ഭരണപരിഷ്കാര നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് ആരായുവാൻ നിർദ്ദേശിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 19.